യച്ചിട്ടുണ്ട്. 1971-ലും 1996 ലും ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിന് കത്തയ ക്കുകയുണ്ടായി. കേന്ദ്ര നിയമമന്ത്രിയിൽ നിന്നും ഈ വിഷയത്തിൽ ഇപ്പോൾ ഒരു കത്ത് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു പോലെ തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബ ന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അഭിപ്രായം ആരാഞ്ഞ് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

ദേശീയ എക്സ്പ്രസ്സ് ഹൈവേയുടെ നിർമ്മാണം

12 (*12)ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ദേശീയ എക്സ്പ്രസ്സ് ഹൈവേയുടെ നിർമ്മാണ ത്തിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നിലപാട് എന്താണെന്ന് അറിയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ എക്സപ്രസ്സ് ഹൈവേയ്ക്ക് കേന്ദ്രം അനുമതി നൽകിയിട്ടില്ലെന്നും, എക്സ്പ്രസ്സ് ഹൈവേയുടെ നിർമ്മാണം കേരളത്തിൽ ദുഷ്ക്കരവും ചെലവേറിയതുമാണെന്ന കേന്ദ്ര ഉപരിതല ഗതാഗതമന്ത്രിയുടെ പാർലമെന്റിലെ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) നിർദ്ദിഷ്ട ദേശീയ എക്സ്പ്രസ്സ് ഹൈവേ പദ്ധതിയിൽ തുടക്ക ത്തിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ സംസ്ഥാന സർക്കാ രിന്റെ നിരന്തര സമ്മദർദ്ദങ്ങളുടെ ഫലമായി അടിസ്ഥാനസൗകര്യ വികസന ത്തിനായുള്ള കേന്ദ്ര ഗവണ്മെന്റിന്റെ കർമ്മ സമിതി ദേശീയപാത 47-ലെ സേലം-കൊച്ചി സെക്ഷൻ ദേശീയ സൗത്ത് കോറിഡോറിന്റെ ഭാഗമായി അംഗീകരിച്ചിട്ടുണ്ട്. ആലുവ മുതൽ അങ്കമാലി വരെ 15 കിലോമീറ്ററും തൃശ്ശൂർ മുതൽ വാണിയംപാറ വരെ 20 കിലോമീറ്ററും എക്സ്പ്രസ്സ് വേ പദ്ധതിയുടെ രണ്ടാം ഘട്ടമായി നാലുവരി നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിന് ദേശീയ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ഏൽപ്പിച്ച കാര്യം കേന്ദ്ര ഗവ ണ്മെന്റ് അറിയിച്ചിട്ടുണ്ട്. പക്ഷേ കേരളത്തിന്റെ മുഖ്യമായ ആവശ്യം ഇതുവരെ അംഗീകരിച്ചിട്ടില്ല.

(ബി)&(സി) ഉണ്ട്. കന്യാകുമാരിയിൽ തുടങ്ങി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ, മംഗലാപുരംവഴി മുബൈയിൽ എത്തുന്ന ഹൈവേ അനുവദിക്കണമെന്നാണ് സംസ്ഥാനഗവണ്മെന്റിന്റെ ആദ്യം മുതലേ യുള്ള ആവശ്യം. ഡൽഹി, കൽക്കത്ത, ചെന്നൈ, മുബൈ, ഡൽഹി ആയി തീരുമാനിച്ചിട്ടുള്ള ഗോൾഡൻ ക്വാഡ്രലാറ്ററിൽ പടിഞ്ഞാറേ തീരം പരിപൂർണ്ണ മായി അവഗണിക്കപ്പെട്ടിരിക്കയാണ്. ഇത് പരിഹരിക്കാൻ പ്രസ്തുത പാത കന്യാകുമാരി, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, മംഗലാപുരം, ഗോവ, മുംബയ് വഴി പുനഃസംവിധാനം ചെയ്യണമെന്ന് കേരളം വീണ്ടും ആവശ്യപ്പെട്ടി ട്ടുണ്ട്. നാഗർകോവിൽ, മംഗലാപുരം, ഗോവ തുടങ്ങിയ പ്രദേശങ്ങളിലെ എം.

LIBRARY ARCHIVES Kerala Legislative Assembly

പി. മാരും കേരളത്തിന്റെ ആവശ്യത്തോട് യോജിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രി പി.ജെ. ജോസഫിന്റെ നേതൃത്വത്തിൽ കേന്ദ്ര നിയമവകുപ്പുമന്ത്രി കൂടി ഉൾപ്പെട്ട എം.പി. മാരുടെ നിവേദകസംഘം ഡിസംബർ 6-ാം തീയതി പ്രധാനമന്ത്രിയെ കണ്ട് ആവശ്യം ആവർത്തിച്ച് ഉന്നയിച്ചിട്ടുണ്ട്.

(ഡി) ഇങ്ങനെ ഒരു റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്തെ എലിപ്പനിബാധ

13 (*13)ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. സി. മൊയീൻ കുട്ടി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്ത് എലിപ്പനി എവിടെയെല്ലാം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരപ്രാന്തപ്രദേശങ്ങളിൽ എലിപ്പനി പടരുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ;

(സി) എലിപ്പനി ബാധയെ തുടർന്ന് വട്ടിയൂർക്കാവ് പ്രദേശങ്ങളിൽ മരിച്ചവരുടെ എണ്ണം എത്രയെന്നറിയിക്കുമോ;

(ഡി) രോഗം ചികിത്സിച്ചു ഭേദമാക്കാനും മറ്റു പ്രദേശങ്ങളിലേക്ക് പടന്നുപിടിക്കാതിരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) കേരളത്തിൽ ചിലയിടങ്ങളിൽ ഒറ്റപ്പെട്ട രീതിയിൽ അടുത്തകാലത്ത് എലിപ്പനിരോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് ഈ രോഗം കൂടുതലായി കാണപ്പെടുന്നത്.

(ബി) തിരുവനന്തപുരം നഗരപ്രാന്ത പ്രദേശങ്ങളായ വട്ടിയൂർക്കാവ്, കടകംപള്ളി, പൂന്തുറ എന്നീ സ്ഥലങ്ങളിൽനിന്നും എലിപ്പനി രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) എലിപ്പനി രോഗബാധയെ തുടർന്ന് വട്ടിയൂർക്കാവിൽ ഒരാൾ മരിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്.

(ഡി) എലിപ്പനി രോഗം ബാധിച്ച രോഗികളെ ആശുപത്രികളിൽ കിടത്തി ചികിത്സ നടത്തി വരുന്നു. ഇതിനായി സാധാരണ ആന്റിബയോട്ടിക്കുകളായ പെൻസിലിൻ, ഡോക്സിസൈക്ലിൻ, എറിത്രോമൈസിൻ, ട്രെട്രോസൈക്ലിൻ ഇവയിൽ ഏതെങ്കിലും ഉപയോഗിക്കാറുണ്ട്. പ്രസ്തുത മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. കൂടാതെ പ്രതിരോധത്തിനായി ഡോക്സിസൈക്ലിൻ എന്ന ഗുളിക ആഴ്ചയിൽ ഒരു ദിവസം വീതം 3 ആഴ്ച തുടരെ രോഗം ബാധിക്കാൻ കൂടുതൽ സാദ്ധ്യതകളുള്ള ആളുകൾക്ക് കൊടുത്തുവരുന്നു.

രോഗാണുവാഹകരായ എലിയുടെ മൂത്രം കലർന്ന മലിനമായ ജലം, മണ്ണ് എന്നിവ വഴിയാണ് എലിപ്പനി പടരുന്നത്. കൈകാലുകളിലുള്ള മുറിവുക

LIBRARY ARCHIVES Kerala Legislative Assembly